**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3720 — 26.06.2012-ൽ മറുപടിക്ക്

## സ്വാശ്രയ സംഘങ്ങൾക്ക് പലിശ രഹിത വായ്പ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കെ. രാജു | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കൃഷിക്കാരുടെ സ്വാശ്രയ സംഘങ്ങൾക്ക് പലിശ രഹിത വായ്പ നൽകുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ നിലവിൽ ഉണ്ടോ; | (എ) നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പലിശ സബ്സിഡി യോടൊപ്പം സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം കൂടി നൽകി പൂർണമായും പലിശരഹിത വായ്പ നൽകുന്നതിനുള്ള പദ്ധതി ഇപ്പോൾ നിലവിലുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് വായ്പ നൽകുന്നതിന് 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 59(1) ൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്. ആയതിനാൽ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശരഹിത വായ്പ നൽകുന്നു. മേൽ പദ്ധതി പ്രകാരം സ്വാശ്രയ സംഘങ്ങൾക്ക് പലിശ രഹിത വായ്പ ലഭ്യമാകുന്നതാണ്. |
| (ബി) എങ്കിൽ ഏത് ബാങ്കുകളിലൂടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും മേൽ പദ്ധതി പ്രകാരം പലിശ രഹിത വായ്പ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ